ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 20 തേയിലത്തോട്ടങ്ങളും ഒരു കാപ്പിത്തോട്ടവും അടഞ്ഞുകിടപ്പുണ്ട്.

(ബി) ഈ കാലയളവിൽ ഏകദേശം 11,298 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) തേയിലയുടെ വിലക്കുറവും വർദ്ധിച്ച ഉല്പാദനച്ചെലവും സാർക്ക് രാജ്യങ്ങളിൽ നിന്നുമുള്ള തേയിലയുടെ ഇറക്കുമതിയും കാരണം പ്രതിസന്ധിയിലായ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പൂട്ടിക്കിടക്കുന്നവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേന്ദ്രസംസ്ഥാന സർക്കാർ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അടച്ചിട്ട തോട്ടങ്ങൾ തുറക്കുന്നതിനുവേണ്ടി തോട്ടമുടമകളും തൊഴിലാളി പ്രതിനിധികളുമായി തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും അല്ലാതെയും നിരവധി തവണ ചർച്ച നടത്തിയതിന്റെ ഫലമായി വയനാട് ജില്ലയിലേയും ഇടുക്കി ജില്ലയിലേയുമായി എട്ടോളം തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പീരുമേട് ഭാഗത്തെ തോട്ടങ്ങളിലെ പല പ്രശ്നങ്ങൾക്കും സാദ്ധ്യമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) തോട്ടം മേഖലയിലെ വേതന നിരക്കുകൾ സംബന്ധിച്ച് 6-3-2000-ൽ ഒപ്പുവച്ച കരാറിന്റെ കാലാവധി 31-3-2002-ൽ അവസാനിച്ചിരുന്നു. അതേനിരക്കിൽത്തന്നെ ശമ്പളം തുടരുന്നതിനാൽ 1-4-2002 മുതലുള്ള ഡി.എ. കുടിശ്ശികയാണ്. റബ്ബർ, ഏലം മേഖലകളിൽ 1-10-2003 മുതൽ ഡി.എ. പുനഃസ്ഥാപിക്കാൻ ധാരണയായിട്ടുണ്ട്. കുടിശ്ശിക ക്ഷാമബത്ത നൽകുന്നത് സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ യോഗങ്ങളിൽ പിന്നീട് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(ഇ) 1-4-2002 മുതലുള്ള ഡി.എ. കുടിശ്ശിക തോട്ടം മേഖലയിലെ സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പുനഃസ്ഥാപിച്ചു നൽകാനുള്ള തീരുമാനം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

(എഫ്) പ്രതിസന്ധിയിലായ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഇപ്പോൾ ചെലവ് കാശ് മാത്രമാണ് നൽകിവരുന്നത്. കുടിശ്ശിക കൂലി ഘട്ടംഘട്ടമായി കൊടുക്കുന്നുണ്ട്.

(ജി) വേതന കുടിശ്ശികയും മറ്റാനുകൂല്യങ്ങളും സംബന്ധിച്ചുള്ള പരാതികളിൽ തൊഴിൽവകുപ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിക്കുകയും ചെയ്തുവരുന്നു.

(എച്ച്) ഇടുക്കി ജില്ലയിലെ പുള്ളിക്കാനം എസ്റ്റേറ്റ് തുറന്നു പ്രവർത്തിക്കുന്നതിന്റെ ഭാഗമായി എട്ട് മാസത്തെ ശമ്പള കുടിശ്ശികയിൽ നാലു മാസത്തെ കുടിശ്ശിക കൊടുക്കുവാൻ ധാരണയായിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം

90 [1229] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കാലാവധി അവസാനിച്ചിട്ട് എത്ര മാസമായി എന്ന് വ്യക്തമാക്കാമോ;

(ബി) ശമ്പള പരിഷ്കരണ നടപടി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) തോട്ടം തൊഴിലാളികളുടെ ഡി.എ. കുടിശ്ശിക ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് തോട്ടങ്ങൾ അടച്ചിട്ടതിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 6-3-2000-ൽ ഒപ്പുവച്ച തോട്ടം മേഖലയിലെ ദീർഘകാല കരാറിന്റെ കാലാവധി 31-3-2002-ൽ അവസാനിച്ചു.

(ബി) 31-3-2002-ൽ ദീർഘകാല കരാർ അവസാനിച്ചതിനെത്തുടർന്ന് 1-4-2002 മുതൽ പ്രസ്തുത കരാർ തങ്ങൾക്ക് ബാധകമല്ലെന്നും അതിലെ വ്യവസ്ഥകൾ റദ്ദു ചെയ്യണമെന്നും വേതനം വെട്ടിക്കുറയ്ക്കണമെന്നും ആവശ്യപ്പെട്ട് തൊഴിൽ തർക്ക നിയമപ്രകാരം തോട്ടമുടമകൾ നോട്ടീസ് നൽകുകയുണ്ടായി. ഇതു സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി സുദീർഘമായ ചർച്ചകൾ നടത്തുകയും അതിന്റെ ഫലമായി തോട്ടമുടമകളെക്കൊണ്ട് നോട്ടീസ് പിൻവലിപ്പിക്കുകയും ചെയ്തു. അതനുസരിച്ച് നിലവിലുണ്ടായിരുന്ന വേതനനിരക്കുകൾ തന്നെ 1-4-2002 മുതൽ തുടർന്നു നൽകാൻ ധാരണയായി. വേതനക്കരാർ പുതുക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി തലത്തിൽ തുടർന്നും ചർച്ച ചെയ്യുന്നതാണ്.

(സി) 1-4-2002 മുതൽ തോട്ടം മേഖലയിൽ മരവിപ്പിച്ച ഡി.എ. റബ്ബർ, ഏലം എന്നിവയുടെ വിലയിലുണ്ടായ പുരോഗതി കണക്കിലെടുത്ത്, ടി മേഖലകളിൽ 1-10-2003 മുതൽ പുനഃസ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്. മറ്റു മേഖലകളിലും സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് തീരുമാനമുണ്ടാവും. ക്ഷാമബത്ത കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(ഡി) തോട്ടങ്ങൾ അടച്ചിട്ടതിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള ഏകദേശ കണക്ക് ഇപ്രകാരമാണ്:

1. തിരുവനന്തപുരം	..	600
2. ഇടുക്കി	..	10000
3. വയനാട്	..	698
ആകെ.	..	11298

കശുവണ്ടിത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്ത് നൽകുന്നതിന് നടപടി

91 [1230] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടിത്തൊഴിലാളി പെൻഷൻ വാങ്ങുന്ന എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly